**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം** **04.03.2020-ൽ മറുപടിയ്ക്ക്**

**നം. 723**

## ഒറ്റപ്പാലം സാംസ്കാരിക നിലയം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി. ഉണ്ണി | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ മന്ത്രി) |
| എ) പാലക്കാട് ജില്ലയിൽ ഒറ്റപ്പാലം നഗരസഭയുടെ നേതൃത്വത്തിൽ ഒറ്റപ്പാലത്ത് ഒരു സാംസ്കാരിക നിലയം നിർമ്മിക്കുന്നതിന് അനുവദിച്ചിരുന്ന തുകയിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചു എന്നും എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയെന്നും വിശദമാക്കാമോ;<br><br>ബി) ഒറ്റപ്പാലം സാംസ്കാരിക നിലയം എന്ന് പ്രവർത്തന സജ്ജമാക്കാൻ കഴിയും എന്ന് വിശദമാക്കാമോ? | എ-യും, ബി-യും) | പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം നഗരസഭയുടെ നേതൃത്വത്തിൽ ഒറ്റപ്പാലത്ത് ഒരു സാംസ്കാരിക നിലയം നിർമ്മിക്കുന്ന പദ്ധതി മൊത്തം 5,38,70,118/- രൂപ (അഞ്ചു കോടി മുപ്പത്തിയെട്ടു ലക്ഷത്തി എഴുപതിനായിരത്തി ഒരുനൂറ്റി പതിനെട്ട് രൂപ) ചെലവിൽ നിജപ്പെടുത്തി നിർമ്മിക്കുന്നതിന് 07.09.2019-ലെ സ. ഉ. (സാ. ധാ) നമ്പർ. 408/2019/സാം.കാ.വ പ്രകാരം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ, 2018-2019 സാമ്പത്തിക വർഷത്തെ വർക്ക് ബഡ്ജറ്റ്-അനുബന്ധം-2-ൽ ഉൾപ്പെട്ട തദ്ദേശ-സ്വയം ഭരണ സ്ഥാപനങ്ങളുടെ അസെറ്റ് ക്രിയേഷന്റെ (Asset Creation) ഭാഗമായ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ അധിക ധനസമാഹരണം കണ്ടെത്തുവാൻ കഴിയില്ലെന്ന ധനകാര്യ വകുപ്പിന്റെ അറിയിപ്പ് പ്രകാരം, ഒറ്റപ്പാലത്തെ സാംസ്കാരിക നിലയം നിർമ്മിക്കുന്നതിന് മേൽ പരാമർശിച്ച ഉത്തരവ് പ്രകാരം നൽകിയ ഭരണാനുമതി റദ്ദ് ചെയ്ത് 31.01.2020-ലെ സ. ഉ. (സാ. ധാ) നമ്പർ. 55/2020/സാം.കാ.വ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ